**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തവനൂർ ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(1), 3(2) - എന്നിവയ്ക്ക് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

ജി.ഒ (ആർ.ടി) നം. 916 /13/തസ്വഭവ. തിരുവനന്തപുരം, തീയതി:05/04/2013

---

പരാമർശം:- 1) 15/10/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-28069/12 നമ്പർ കത്ത്.

2) 07/01/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി3/24159/12 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാലും, പദ്ധതി മാർഗ്ഗരേഖ, സർക്കാർ ഉത്തരവുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും ഖണ്ഡിക 3(1), 3(2) എന്നിവ പ്രകാരം യഥാക്രമം 7,994/- രൂപ, 13,500/- രൂപയുടെ ചെലവുകൾ ഓഡിറ്റ് നിരാകരിച്ചിരുന്നു.

തവനൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മാറഞ്ചേരി കായൽ ജലസേചന പൈപ്പ് ലൈൻ സ്ഥാപിക്കൽ പദ്ധതി ഇപ്പോഴും സുഗമമായി പ്രവർത്തിക്കുന്നുവെന്നതിനാലും പ്രവർത്തി നടത്തിപ്പ് കാലയളവിൽ ഗുണഭോക്തൃ വിഹിതം ലഭ്യമാക്കുന്നതിന് സാധിക്കാതെ വന്നിരുന്നുവെന്നതിനാലും പഞ്ചായത്ത് ചെലവാക്കിയ 7,994/-രൂപയും ശ്രീകൃഷ്ണപുരം ശിവക്ഷേത്രം റോഡ് മാർഗ്ഗരേഖ പാലിക്കാതെ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയതു പ്രകാരം തടസ്സപ്പെടുത്തിയ 13,500/- രൂപയും സാധൂകരണം നൽകണമെന്ന 14/11/2011-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04/2011(1)-ാം നമ്പർ തീരുമാനം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(1) പ്രകാരം തടസ്സപ്പെടുത്തിയ (മാറഞ്ചേരി കായൽ ജലസേചന പൈപ്പ് ലൈൻ സ്ഥാപിക്കൽ) 7,994/- രൂപ (ഏഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാല് രൂപ മാത്രം) യുടെ ചെലവും ഖണ്ഡിക 3(2)-ൽ തടസ്സപ്പെടുത്തിയ (ശിവക്ഷേത്രം റോഡ് മാർഗ്ഗരേഖ പാലിക്കാതെ പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയത്) 13,500/- രൂപ (പതിമൂന്നായിരത്തി അഞ്ഞൂറു രൂപ മാത്രം) യുടെ ചെലവും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തവനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ